**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 369** **23-07-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പിന് നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക ചെലവഴിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഈ പോരായ്മ പരിഹരിക്കുവാനും ഫണ്ട് ലാപ്സാകാതിരിക്കാനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി സംബന്ധിച്ച് സിവിൽ കേസ് നിലവിലുള്ളതിനാലും സൈറ്റ് മാറ്റുന്നതിനായി കേന്ദ്ര സർക്കാർ അനുമതി ലഭിക്കുവാൻ വൈകിയതിനാലും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഭരണാനുമതി നൽകിയ പ്രവർത്തികൾക്കെല്ലാം തന്നെ വർക്ക് ഓർഡർ നൽകുകയും ഏജൻസികൾ പ്രസ്തുത പ്രവർത്തികൾ ആരഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ത്വരിതപ്പെടുത്തുന്നതിനായി നിർവഹണ ഏജൻസി കൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈയിനത്തിൽ ലഭിച്ച ഫണ്ട് ലാപ്സാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ